Irrigation works entrusted to Co-operative Societies.

❋ 1315. [17] †**Shri E. P. Poulose :** Will the Minister for Law be pleased to state :

(a) the number of minor irrigation works entrusted to Co-operative Societies ;

(b) the total amount advanced as loan to these Societies ;

(c) the total estimated cost of these works ; and

(d) the terms on which the works have been entrusted to these Societies ?

Minister for Law (**Shri V. R. Krishna Iyer**) :

(a) 86.

(b) Rs. 29,218.

(c) Rs. 6,77,401.

(d) The terms are given below.

South Circle.—The works were entrusted to co-operative societies based on Sramadan 5% -25%.

Chalakudi Division.—At 25% less on schedule rate for earth work and 5% less on other works. The works entrusted on nomination without calling for tenders and without insisting on earnest money.

Ernakulam Division.—The societies offered Sramadan 25% for earth work and 5% masonry.

Trichur Division.—Works entrusted to the society on detailed estimates approved by competent authority. The society will be allowed 5% excess over the scheduled rates of the cost of materials and labour.

Tellicherry Division.—Six works relating to controlling the flow of Pullur stream amounting to Rs 40,000 were entrusted on nomination at estimate rates and the other work on nomination.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, ഇങ്ങനെയുള്ള സൊസൈറ്റികൾ അപേക്ഷിച്ചു് കൊടുത്തിട്ടുള്ള വർക്കുകൾ തീർക്കാതെ ഇട്ടിട്ടുപോയിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ വല്ലതും പറയാമെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഉഴവൂർ പഞ്ചായത്തു് സൊസൈറ്റിക്കു് ചില നന്നാക്കാൻ കൊടുത്തിട്ടുണ്ടു്. അതിന്റെ അടിയൊക്കെ മാന്തി അവിടെയുള്ള പത്തേക്കർ സ്ഥലം കൃഷിചെയ്യാൻ പാടില്ലാതാക്കിത്തീർത്തു് സൊസൈറ്റി ഇട്ടിട്ടുപോയിട്ടുള്ളതു് മൂന്നു ദിവസത്തിനു മുൻപു ഞാൻ പോയി കണ്ടിട്ടുള്ള ഒരു സംഗതിയാണു്. ഇപ്പോൾ ചില കെട്ടാനും പാടില്ല, കൃഷി ചെയ്യാനും പാടില്ല.

† This question was put by Shri Joseph Chazhikattu with the pemission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഹസ്സൻ ഗനി : മലബാർ പ്രദേശത്തു പരസ്പരസഹായാടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻ വർക്കുകൾ ഏർപ്പെടുത്തിയതു കംപ്ലീറ്റു ചെയ്തിട്ടുണ്ടോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അവിടെയുള്ള കോവാപ്പറേറീവ് സൊസൈറ്റികൾ ഇത്തരം പ്രവൃത്തികൾക്കു് അപേക്ഷിച്ചു, കൊടുത്തിട്ടുണ്ടു്. എത്രയെണ്ണം കംപ്ലീറ്റുചെയ്തിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. കെ. എം. ജാഫർ : ഇങ്ങനെയുള്ള തുക സൊസൈറ്റികൾക്കു് കൊടുക്കുന്നതു് വർക്കുകളുടെ പ്രോഗ്രസ് അനുസരിച്ചു് ഇൻസ്റ്റാൾമെൻറായിട്ടല്ല ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : വർക്കുകളുടെ ക്രമമായ പ്രോഗ്രസ് നോക്കി മാത്രമേ തുക കൊടുക്കാൻ പാടുള്ളൂ എന്നാണു നിർദ്ദേശം. പഞ്ചായത്തിനു സാധ്യമല്ലെന്നു പറഞ്ഞാൽ കോവാപ്പറേറീവ് സൊസൈറ്റികൾക്കു് കൊടുക്കും. അവർക്കും സാധ്യമല്ലെന്നു പറയുകയാണെങ്കിൽ പിന്നീടു് അഡ്വാൻസ് കമ്മിറ്റി നോക്കി അഡ്വാൻസ് കൊടുത്തതിന്റെ 5 ശതമാനം കൊടുക്കുകയും പിന്നെ പ്രവർത്തനത്തിന്റെ പുരോഗതിയനുസരിച്ചു് വേണ്ടതു കൊടുക്കുക, പിന്നീടു പ്രവർത്തനം മുൻപോട്ടുപോകാൻ ആവശ്യമായതു കൊടുക്കുക, ഇൻജനിയറന്മാരുണ്ടിതൊക്കെ ചെയ്യുന്നതു്. അതു നിലയ്ക്കാണു് ചെയ്തുവരുന്നതു്. ഇതിൽ വല്ല തകരാറുമുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഇ. പി. പൗലോസ് : കോവാപ്പറേറീവ് സൊസൈറ്റി അപേക്ഷിച്ചിട്ടു് അവർക്കു കൊടുക്കാതെ വേറെ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ ?

ശ്രീ. വി. ആർ കൃഷ്ണയ്യർ : ഓർമ്മയില്ല. പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയാൽ അങ്ങനെയുള്ള കേസ്സിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ഇ. പി. പൗലോസ് : തോട്ടറപ്പുഴ നിലങ്ങളിലുള്ള പണിക്കു കോവാപ്പറേറീവ് സൊസൈറ്റി അപേക്ഷിക്കുകയും കൊടുത്ത പണി പൂർത്തിയാക്കാതെ ഇട്ടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : രണ്ടു എം. എൽ. എ. മാർ രണ്ടുവിധത്തിൽ അഭിപ്രായം പറഞ്ഞു. ചീഫ് ഇൻജിനീയരോടു് അന്വേഷിക്കാൻ ഏർപ്പാടു ചെയ്തതായി ഓർക്കുന്നു പിന്നീടു എന്തു ചെയ്തു എന്നു് അറിയാത്തതുകൊണ്ടു് പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എ. റഹീം : യാതൊന്നും പ്രവർത്തിക്കാതെ അഡ്വാൻസ് മാത്രം പററിക്കൊണ്ടു് ചില സൊസൈറ്റികളും ഇടരുന്നില്ലേ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഖേദകരമായ ഒരവസ്ഥവമാണതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : മുൻഗണന പഞ്ചായത്തുകൾക്കു് കൊടുക്കാറില്ലേ ഇങ്ങനെ അപേക്ഷിക്കുമ്പോൾ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അതെ, അവർക്കു സാധ്യമല്ലെന്നു പറഞ്ഞാൽ മാത്രമേ അഡ്വാൻസ് കമ്മിറ്റിയോടു് ആലോചിക്കയുള്ളൂ. ഈ തുക നശിക്കണ്ട എന്ന നിലയ്ക്കു അഡ്വാൻസ് കമ്മിറ്റിയോടപേക്ഷിച്ചിട്ടുണ്ടോ, കൊടുത്തിട്ടുണ്ടോ എന്നു് അറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly